**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 227** **07-10-2025 - ൽ മറുപടിയ്ക്ക്**

**ഊരിന്റെ താരാട്ട് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ വി ശശി,<br>ശ്രീമതി സി. കെ. ആശ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആദിവാസി മേഖലകളിലെ മാതൃ-ശിശു മരണങ്ങൾ കുറയ്ക്കാൻ ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്.<br><br>പട്ടികവർഗ്ഗ മേഖലയിലെ മാതൃ-ശിശു മരണങ്ങൾ ഒഴിവാക്കുന്നതിനായി നടപ്പാക്കിയ പദ്ധതിയുടെ പുരോഗതി വിവരങ്ങൾ സംസ്ഥാന തലത്തിൽ വകുപ്പ് മന്ത്രിയും, പട്ടികവർഗ്ഗ വികസന വകുപ്പ് തലത്തിൽ വകുപ്പ് അധ്യക്ഷനും ജില്ലാ തലത്തിൽ പ്രൊജക്ട് ഓഫീസർ / ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാരും നിരന്തരം അവലോകന യോഗങ്ങളിലൂടെ വിലയിരുത്തുന്നുണ്ട്.<br><br>പട്ടികവർഗ്ഗ മേഖലയിലെ ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും സമഗ്ര ആരോഗ്യ സംരക്ഷണത്തിനുള്ള ക്ഷേമ പദ്ധതികൾ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ സർക്കാർ നടപ്പാക്കി വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും സാമൂഹ്യ നീതി, ആരോഗ്യം, സിവിൽ സപ്ലൈസ്, വനിതാ ശിശു വികസനം, തദ്ദേശ സ്വയംഭരണം, കുടുംബശ്രീ തുടങ്ങിയ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾ മുഖേനയുമാണ് പ്രധാനമായും പദ്ധതികൾ നടപ്പാക്കി വരുന്നത്. പ്രത്യേകിച്ച് അട്ടപ്പാടിയിൽ ശിശുമരണ നിരക്ക് കുറയ്ക്കുന്നതിലേക്ക് വിവിധ സർക്കാർ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് അട്ടപ്പാടി നോഡൽ ഓഫീസർ കൂടിയായ ഒറ്റപ്പാലം സബ് കളക്ടർ ഓരോ ആഴ്ചയിലും അട്ടപ്പാടി സന്ദർശിച്ച് ആവശ്യമായ നടപടികളും വിലയിരുത്തലുകളും നടത്തി വരുന്നുണ്ട്. കൂടാതെ പാലക്കാട് ജില്ലാ കളക്ടറുടെയും എംപി, എം.എൽ.എ എന്നിവരുടെ നേതൃത്വത്തിലും യോഗങ്ങൾ കൂടി മാതൃ-ശിശു മരണങ്ങൾ തടയുന്നതിലേക്കാവശ്യമായ വിലയിരുത്തൽ നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | **വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ സംസ്ഥാനത്തെ വിവിധ ഉന്നതികൾ സന്ദർശിച്ച് ഗർഭിണി ആയ സ്ത്രീകളുടെയും ശിശുക്കളുടെയും ആരോഗ്യം ഡോക്ടർ, നഴ്സ്, ലാബ് ടെക്നീഷ്യൻ എന്നിവരുടെ സേവനം ഉപയോഗിച്ച് വിലയിരുത്തുന്നുണ്ട് . വിവിധ ലാബ് ടെസ്റ്റുകൾക്കുള്ള സൗകര്യവും പ്രസ്തുത യൂണിറ്റുകളിൽ സജ്ജീകരിച്ചിട്ടുണ്ട്.**<br><br>**സംസ്ഥാനത്തെ പട്ടികവർഗ മേഖലകളിലെ ആരോഗ്യ പോഷക ക്ഷേമ പ്രവർത്തനങ്ങൾ കോർഡിനേറ്റ് ചെയ്തു വിലയിരുത്തുന്നതിനായി UNICEF ന്റെ സാമ്പത്തിക സഹായത്തോടെ ഒരു കൺസൾട്ടന്റിനെ (Tribal Health and Nutrition Consultant) നിയമിച്ച് തുടർ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.**<br><br>**കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ഗർഭിണികളായ എല്ലാ സ്ത്രീകളുടേയും കുട്ടികളുടേയും ആരോഗ്യ സംരക്ഷണത്തിനായി ജനനീ ജന്മരക്ഷാ പദ്ധതി വകുപ്പ് നടപ്പിലാക്കുകയും ടി വിഭാഗക്കാർക്ക് സമ്പൂർണ്ണ പോഷകാഹാരം ഉറപ്പാക്കുകയും നവജാത ശിശു മരണം പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്നതിനും മെച്ചപ്പെട്ട ആരോഗ്യ സ്ഥിതിയിലുള്ള ശിശുക്കൾ പിറവിയെടുക്കുന്നതിനും അവരെ പരിപാലിക്കുന്ന അമ്മമാർക്ക് സമ്പൂർണ്ണ ആരോഗ്യം ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും പദ്ധതി വകുപ്പ് വിലയിരുത്തുകയും ചെയ്യുന്നുണ്ട്.**<br><br>**പട്ടിക വർഗ്ഗ മേഖലകളിലെ മാതൃ-ശിശു മരണങ്ങൾ ഒഴിവാക്കുന്നതിനായി വകുപ്പ് നടപ്പാക്കിയ പദ്ധതികളുടെയും ഇടപെടലുകളുടെയും ഫലമായി ശിശുമരണ നിരക്ക് ഗണ്യമായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.** |
| (ബി) | സുരക്ഷിതമായ മുലയൂട്ടൽ, നവജാത ശിശുക്കളുടെ ശാസ്ത്രീയമായ പരിപാലനം എന്നിവ പട്ടികവർഗ്ഗ ജനവിഭാഗത്തെ പരിശീലിപ്പിക്കുന്നതിനായി ആരോഗ്യവകുപ്പുമായി സഹകരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകാമോ; | (ബി) | **സുരക്ഷിതമായ മുലയൂട്ടൽ, നവജാത ശിശുക്കളുടെ ശാസ്ത്രീയമായ പരിപാലനം എന്നിവ പട്ടികവർഗ്ഗ ജനവിഭാഗത്തെ പരിശീലിപ്പിക്കുന്നതിനായി ആരോഗ്യവകുപ്പുമായി സഹകരിച്ച് നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.**<br><br>**ഊരിന്റെ താരാട്ട് പദ്ധതി:**<br><br>**അട്ടപ്പാടിയിലെ ഗർഭസ്ഥ ശിശുക്കളുടെ ആരോഗ്യത്തിനും സുരക്ഷയ്ക്കുമായി പട്ടികവർഗ്ഗ വികസന വകുപ്പും പാലക്കാട് ജില്ലാ ഭരണകൂടവും** |

സംയുക്തമായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഊരിന്റെ താരാട്ട് പദ്ധതി. ഈ പദ്ധതിയുടെ ഭാഗമായി വിവിധ ക്യാമ്പയിനുകളും ബോധവത്ക്കരണ ക്യാമ്പുകളും പരിശീലനവും നടപ്പിലാക്കി വരുന്നുണ്ട്.

വാൽസല്യ സ്പർശം പദ്ധതി:

അട്ടപ്പാടിയിൽ കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായ നവജാത ശിശുമരണങ്ങളിൽ ഏറിയവയും മിൽക്ക് ആസ്പിറേഷൻ മൂലമാണെന്ന് ആരോഗ്യ വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ നവജാത ശിശുക്കളുടെ അമ്മമാർക്ക് രാത്രി കാലങ്ങളിൽ മുലയൂട്ടൽ അപകട രഹിതമാക്കുന്നതിന് സഹായിക്കുന്നതിനായി വേണ്ട പരിശീലനവും, അവബോധവും നൽകുന്നതിനായി അഗളി, ഷോളയൂർ, പുതൂർ ഗ്രാമപഞ്ചായത്തുകളിലായി ഒന്നു വീതം ഫീൽഡ് നേഴ്സുമാരെ നിയമിച്ച് വാൽസല്യ സ്പർശം പദ്ധതി നടപ്പാക്കുന്നുണ്ട്.

ആരോഗ്യം നമുക്കായി:

സമഗ്രമായ ബോധവൽക്കരണ കാമ്പയ്നിലൂടെ വയനാട്ടിലെ ആദിവാസി സമൂഹങ്ങൾക്കിടയിൽ സമഗ്രമായ ആരോഗ്യം വർധിപ്പിക്കുകയാണ് സർക്കാരിന്റെ "ആരോഗ്യം നമുക്കായി" എന്ന സംരംഭം ലക്ഷ്യമിടുന്നത്. ജില്ലാ ഭരണകൂടം, പട്ടികവർഗ വികസന വകുപ്പ്, ആരോഗ്യ വകുപ്പ്, യുണിസെഫ്, 'എൻ ഊരു' ചാരിറ്റബിൾ സൊസൈറ്റി തുടങ്ങിയ പ്രധാന പങ്കാളികൾ ഈ സഹകരണ ശ്രമത്തിൽ ഉൾപ്പെടുന്നു. പ്രാഥമിക ആരോഗ്യ സംരക്ഷണം, പോഷകാഹാരം, ചികിത്സാ രീതികൾ എന്നിവയുടെ സുപ്രധാന വശങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന, സൂക്ഷ്മമായി തയ്യാറാക്കിയ എട്ട് ബോധവൽക്കരണ വീഡിയോകളാണ് ഈ ക്യാമ്പയിനിന്റെ കേന്ദ്രം.

ഊരും ഉയിരും:

വയനാട്ടിലെ ഗോത്ര വിഭാഗക്കാരുടെ സമഗ്ര ആരോഗ്യം ലക്ഷ്യമാക്കി പ്രത്യേകിച്ച് അമ്മമാരുടെയും കൗമാരക്കാരായ പെൺകുട്ടികളുടെയും ശിശുക്കളുടെയും വിളർച്ച, മുരടിപ്പ്, തൂക്കക്കുറവ്, ശിശുമരണങ്ങൾ മുതലായ പ്രശ്നങ്ങൾക്കായുള്ള ആരോഗ്യ സ്ക്രീനിംഗ് നടത്തി, ശുശ്രൂഷ ആവശ്യമായവർക്കു വേണ്ടി മരുന്നുകളും നൽകുന്ന ഊരും ഉയിരും ക്യാമ്പയിൻ പട്ടിക വർഗ്ഗ വികസന വകുപ്പ്, ആരോഗ്യ വകുപ്പ്, UNICEF എന്നിവർ

| | | | |
|---|---|---|---|
| | | | സംയുക്തമായി നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത ക്യാമ്പയിനിൽ ശിശുക്കളുടെ ആദ്യത്തെ ആയിരം നാളുകൾ, മുലയൂട്ടലിന്റെ പ്രാധാന്യം എന്നിവയെക്കുറിച്ച് പണിയ ഭാഷയിൽ ഉള്ള വീഡിയോകൾ ഉന്നതികളിൽ പ്രദർശിപ്പിക്കുകയും വിവിധ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.<br><br>ട്രൈബൽ ഹെൽത്ത് ആൻഡ് ന്യൂട്രിഷ്യൻ കൺസൾട്ടന്റ്:<br><br>സംസ്ഥാനത്തെ പട്ടികവർഗ മേഖലകളിലെ ആരോഗ്യ പോഷക ക്ഷേമ പ്രവർത്തനങ്ങൾ കോർഡിനേറ്റ് ചെയ്യുന്നതിനായി UNICEF ന്റെ സാമ്പത്തിക സഹായത്തോടെ ഒരു കൺസൾട്ടന്റിനെ (Tribal Health and Nutrition Consultant) നിയമിച്ച് തുടർ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.<br><br>ആരോഗ്യവകുപ്പുമായി സഹകരിച്ച് നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതികളും പ്രോജെക്ടുകളും പ്രവർത്തനങ്ങളും UNICEF കൺസൾട്ടന്റിന്റെ (Tribal Health and Nutrition Consultant) സഹായത്തോടെ നടപ്പിലാക്കി വരുന്നു. |
| (സി) | പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്കിടയിലെ ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനും ആരോഗ്യമുള്ള ശിശുക്കളുടെ ജനനം ഉറപ്പാക്കുന്നതിനും പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിൽ ഊരിന്റെ താരാട്ട് എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്.<br><br>ഗർഭസ്ഥ ശിശുക്കളുടെ ആരോഗ്യത്തിനും സുരക്ഷയ്ക്കുമായി പട്ടികവർഗ്ഗ വികസന വകുപ്പും പാലക്കാട് ജില്ലാ ഭരണകൂടവും സംയുക്തമായി, അട്ടപ്പാടി പട്ടികവർഗ്ഗ മേഖലയിൽ മൂന്നു ഘട്ടങ്ങളായി നടപ്പിലാക്കുന്ന പദ്ധതിയാണ് "ഊരിന്റെ താരാട്ട്" എന്ന ശിശു സംരക്ഷണ പദ്ധതി. മൂന്ന് ഘട്ടങ്ങളിലായാണ് പദ്ധതി നടപ്പാക്കുന്നത്.<br><br>ആദ്യ ഘട്ടത്തിന്റെ ഭാഗമായി (ഫേസ്-1) ഹാംലെറ്റ് ആശ, എസ്.റ്റി പ്രൊമോട്ടർ, കമ്മിറ്റഡ് സോഷ്യൽ വർക്കർ എന്നിവർക്കുള്ള ദ്വിദിന പരിശീലനവും ഫേസ്-2വിന്റെ ഭാഗമായി ഓരോ ഊരിൽ നിന്നും "കരുതൽ കൂട്ടം" എന്നറിയപ്പെടുന്ന കൗമാരക്കാരായ ആൺകുട്ടികളെയും പെൺകുട്ടികളെയും ഉൾപ്പെടുത്തി lactating positions, ഗർഭധാരണത്തെക്കുറിച്ചുള്ള കൃത്യമായ അറിവ്, എന്നിവയിൽ വ്യക്തമായ ട്രെയിനിങ് നൽകുക, Quiz, Role play, poster designing തുടങ്ങിയ നിരവധി കലാപരിപാടികളും ഫേസ്-3 "സ്നേഹപൂർവ്വം അമ്മയ്ക്ക്" എന്ന പേരിൽ ഗർഭസ്ഥ ശിശുവിനും അമ്മയ്ക്കും ആവശ്യമായ നിയോനേറ്റൽ കിറ്റ് ലഭ്യമാക്കുക എന്നിവയാണ് |

| | | | |
|---|---|---|---|
| | | | **പദ്ധതി വിഭാവനം ചെയ്യുന്നത്. ഈ പദ്ധതിയുടെ ഭാഗമായി വിവിധ ക്യാമ്പയിനുകളും ബോധവത്ക്കരണ ക്യാമ്പുകളും പരിശീലനവും നടപ്പിലാക്കി വരുന്നുണ്ട്.** |
| (ഡി) | പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിലൂടെ ശിശുമരണനിരക്ക് കുറയ്ക്കുന്നതിനും നവജാത ശിശുക്കളുടെയും അമ്മമാരുടെയും ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | **ഗർഭസ്ഥ ശിശുക്കളുടെ ആരോഗ്യത്തിനും സുരക്ഷയ്ക്കുമായി പട്ടികവർഗ്ഗ വികസന വകുപ്പും പാലക്കാട് ജില്ലാ ഭരണകൂടവും സംയുക്തമായി, അട്ടപ്പാടി പട്ടികവർഗ്ഗ മേഖലയിൽ മൂന്നു ഘട്ടങ്ങളായി നടപ്പിലാക്കുന്ന "ഊരിന്റെ താരാട്ട്" പദ്ധതിയിലൂടെ അട്ടപ്പാടിയിലെ ശിശുമരണ നിരക്ക് ഗണ്യമായി കുറയ്ക്കുന്നതിനും അമ്മമാരുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ട്. പട്ടിക വർഗ്ഗ മേഖലകളിലെ മാതൃ-ശിശു മരണങ്ങൾ ഒഴിവാക്കുന്നതിനായി ഊരിന്റെ താരാട്ട് പദ്ധതിയിലൂടെയും വകുപ്പ് നടപ്പാക്കിയ വിവിധ പദ്ധതികളുടെയും ഇടപെടലുകളുടെയും ഫലമായി ശിശുമരണ നിരക്ക് ഗണ്യമായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ